LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടവടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂൺ 23, തിങ്കൾ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

(നിയമസഭ 1986 ജൂൺ 23–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി).

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു).

1. വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മൽസ്യക്കൃഷി വികസനം

* 1 [1] ശ്രീ. പി.എം. അബൂബക്കർ:

,, കൊരമ്പയിൽ അഹമ്മദ് ഹാജി:

,, സി.ടി. അഹമ്മദ് അലി:

,, ഇ.ടി. മുഹമ്മദ് ബഷീർ:

,, എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് മൽസ്യക്കൃഷി വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് പദ്ധതിയാണെന്ന് വ്യക്തമാക്കാമോ;

GPM. 2/489/09

(സി) ലോകബാങ്കിന്റെ സഹായം എത്രകോടി രൂപയാണ്;

(ഡി) ഈ പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) പതിനയ്യായിരം ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷി നടത്തുവാനുള്ള ഒരു പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഏഴ് വർഷംകൊണ്ട് നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി പൂർത്തിയാകുമ്പോൾ 81.86 കോടി രൂപ വിലവരുന്ന പതിനയ്യായിരം ടൺ ചെമ്മീനും, ആയിരത്തഞ്ഞൂറു ടൺ മാറിനം മൽസ്യങ്ങളും അധികമായി ഉൽപ്പാദിപ്പിക്കുന്നതുമൂലം പ്രതിവർഷം 94 കോടി രൂപയുടെ വിദേശനാണ്യം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹാച്ചറികൾ, ഫീഡ് ഉൽപ്പാദന യൂണിറ്റുകൾ, പീലിംഗ് ഷെഡ്ഡുകൾ, ഫ്രീസിംഗ്-കം-സ്റ്റോറേജ് പ്ലാന്റുകൾ, ഇൻസുലേറ്റഡ് വാനുകളോടുകൂടിയ മാർക്കറ്റിംഗ് യൂണിറ്റുകൾ, ഐസ് പ്ലാന്റ് യൂണിറ്റ്, ഗവേഷണ കേന്ദ്രം മുതലായവ സംവിധാനം ചെയ്യാനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(സി) പദ്ധതിയുടെ രൂപരേഖപ്രകാരം 94.007 കോടി രൂപയാണ് ലോകബാങ്കിന്റെ സഹായമായി പ്രതീക്ഷിക്കുന്നത്. എന്നാൽ ലോകബാങ്കിന്റെ പ്രതിനിധികളുമായി ചർച്ച ചെയ്ത് ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചശേഷം മാത്രമേ സഹായം എത്രയെന്ന് അറിയാൻ കഴിയൂ.

(ഡി) ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. സി.ടി. അഹമ്മദ് അലി: ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് മൽസ്യക്കൃഷി വികസനം നിലവിലുള്ളത് എന്നു വ്യക്തമാക്കാമോ?

ശ്രീ.എ.എൽ. ജേക്കബ്: കോട്ടയം, എറണാകുളം മുതലായ സ്ഥലങ്ങളിലാണ് ഇപ്പോൾ ഉള്ളത്.

ശ്രീ. സി.ടി. അഹമ്മദ് അലി: പുതുതായി മത്സ്യക്കൃഷി വികസനം ആരംഭിക്കുമ്പോൾ പിന്നോക്ക പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: തീർച്ചയായും പരിഗണിക്കുന്നതാണ്.

ശ്രീ. ഇ.ടി. മുഹമ്മദു ബഷീർ: മൽസ്യക്കൃഷി വികസന പദ്ധതി പ്രകാരം സ്വകാര്യ എജൻസികൾക്ക് സബ്സിഡി കൊടുക്കുവാൻ ഗവൺമെന്റ് വല്ല സംവിധാനവും ഏർപ്പെടുത്താൻ ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. എ.എൽ. ജേക്കബ്: സ്വകാര്യ എജൻസികൾക്ക് 25 ശതമാനം സബ്സിഡി കൊടുക്കുന്നുണ്ട്. അതായത് ചെമ്മീൻ കുഞ്ഞുങ്ങൾ, മൽസ്യത്തിന്റെ തീറ്റ, കെട്ടിന് ചുറ്റും നിൽക്കുന്ന തെങ്ങുകൾക്കുള്ള വളം മുതലായവയാണ് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: മത്സ്യക്കൃഷി വികസനത്തിന് വളരെയധികം സാദ്ധ്യതകളുള്ള മലപ്പുറം ജില്ലയിൽ ഈ പദ്ധതി വികസിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ.എൻ. ജേക്കബ്: തീർച്ചയായും. തയ്യാറാകുന്നതാണ്.

ശ്രീ. എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ: മത്സ്യക്കൃഷി പദ്ധതി നടപ്പാക്കുമ്പോൾ സ്ഥലങ്ങൾ നിർണ്ണയിക്കുവാൻ ഗവൺമെന്റ് നിർദ്ദേശിക്കുന്ന മാനദണ്ഡം എന്താണ്?

ശ്രീ. എ.എൻ. ജേക്കബ്: മത്സ്യക്കൃഷിക്ക് മാറുവെള്ളമുള്ള സ്ഥലമായിരിക്കണമെന്നതാണ് പ്രധാനപ്പെട്ട മാനദണ്ഡം.

ശ്രീ. എ.വി. താമരാക്ഷൻ: ഉപ്പുനാടൻ അലോശയങ്ങളിലാണ് മത്സ്യക്കൃഷി പദ്ധതി ഇപ്പോൾ നിലവിലിരിക്കുന്നത്. കടലിൽ ചെമ്മീൻ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ ചെമ്മീൻ കുഞ്ഞുങ്ങളെ വളർത്തി കടലിലേക്ക് വിടുന്നതിനുവേണ്ടി ബൃഹത്തായ ഒരു പദ്ധതി നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ.എൻ. ജേക്കബ്: അങ്ങനെയിപ്പോൾ ആലോചനയുണ്ട്.

ശ്രീ. വി. ദിനകരൻ: മത്സ്യക്കൃഷിയെ സംബന്ധിച്ച് ബഹു മാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ സ്വകാര്യ വ്യക്തികൾക്ക് 25 ശതമാനം സബ്സിഡി കൊടുക്കുമെന്നു പറഞ്ഞു. ഒരു കാര്യം വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഉപ്പുനാടൻ മേഖലയിൽ, പാവപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികളും മത്സ്യ ബന്ധനം നടത്തിക്കൊണ്ടിരുന്ന മേഖലയിൽ ബണ്ട് നിർമ്മിച്ച് സ്വകാര്യവ്യക്തികൾക്ക് മത്സ്യം വളർത്തിലാഭം എടുക്കാനുള്ള ഒരു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി പാവപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികൾ വഴിയാധാരമാകുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു എന്നാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഇതിനെ പൂർണ്ണമായും എതിർത്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവർക്ക് ദോഷം വരാത്ത രീതിയിൽ അവർ എതിർക്കുന്ന പ്രദേശങ്ങളിൽനിന്നും ഈ പദ്ധതി മാറ്റി മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ.എൻ. ജേക്കബ്: പാവപ്പെട്ടവരൊന്നും വഴിയാധാരമായിട്ടില്ല. അവരെ രക്ഷിക്കാൻ വേണ്ടിയാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ.പി. പ്രഭാകരൻ: 1985–86–ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 135 കോടി രൂപയുടെ ചെമ്മീൻ കൃഷി വികസന പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആ വർഷം കഴിഞ്ഞു. അതു തന്നെയാണ് ഇപ്പോൾ മന്ത്രി പറയുന്ന പതിനയ്യായിരം ഹെക്ടറിന്റെ പദ്ധതി. ഏഴുവർഷംകൊണ്ട് പൂർത്തിയാവും എന്നാണെയാണ് പറയുന്നത്. അതേസമയം അതിനെ സംബന്ധിച്ച് ലോകബാങ്കുമായിട്ടുള്ള ചർച്ച ഇപ്പോഴും കഴിഞ്ഞിട്ടില്ല. അതിന് വ്യക്തമായിട്ടുള്ള രൂപമായിട്ടില്ല. ഈ പദ്ധതി. ആരംഭിക്കുന്നതിന് വല്ല

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ട് റിപ്പോർട്ടും തയ്യാറായിട്ടുണ്ടോ? ഓരോ ജില്ലയിലും ഏതു സ്ഥലത്ത് ഈ പദ്ധതി തുടങ്ങണം എന്നുള്ളതിനെ സംബന്ധിച്ച് എന്തെങ്കിലും പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടാണോ ഈ പ്രഖ്യാപനം നടത്തുന്നത്? അതിന്റെ സ്ഥിതി വിശദീകരിക്കാമോ?

ശ്രീ. എ.എൽ. ജേക്കബ്: ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട്. കേന്ദ്ര ഗവൺമെന്റ് ക്ലിയർ ചെയ്തു ലോകബാങ്കിനു അയച്ചിരിക്കുകയാണ്. ലോകബാങ്കിന്റെ അനുമതി ലഭിച്ചിട്ടില്ല. അതു ലഭിച്ചാൽ ഉടനേ തന്നെ സ്കീം നടപ്പിലാക്കുന്നതാണ്.

ശ്രീ. എ.സി. ഷൺമുഖദാസ്: നമ്മുടെ നെൽപ്പാടങ്ങളിൽ നെൽക്കൃഷി ചെയ്താൽ നഷ്ടമാണ്. അതുകൊണ്ട് വരുമാന മാർഗ്ഗമായ ഈ മൽസ്യക്കൃഷി ഉംനാടൻ ജലാശയങ്ങളിലും മറ്റും വ്യാപിപ്പിച്ച് (കൃഷിവകുപ്പ് നഷ്ടപ്പെട്ട് അങ്ങേക്ക് മൽസ്യ വകുപ്പ് കിട്ടിയതുപോലെ) കാർഷിക വൃത്തി നഷ്ടപ്പെടുന്ന കൃഷിക്കാർക്ക് മൽസ്യക്കൃഷിയെങ്കിലും കൊടുക്കുന്നതിനുവേണ്ടി യുള്ള ഒരു വിപുലമായ പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്:- മൽസ്യക്കൃഷി നെൽപ്പാടങ്ങളിൽ ചെയ്യണമെന്ന്. വളരെ കൊല്ലങ്ങളായിട്ട് ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. പലപ്പോഴും ഞാൻ മിസ്റ്റർ പ്രഭാകരനോടും മറ്റും പറഞ്ഞിട്ടുണ്ട്, പമ്പിംഗ് സബ്സിഡിയും രണ്ടാംകൃഷി യുമൊന്നും വേണ്ട എന്ന്. പമ്പിംഗ് സബ്സിഡി എന്നു പറഞ്ഞ് കുട്ടനാട്ടിലേയും തൃശ്ശൂരിലേയും ആളുകൾ ധാരാളം പണം വൃഥാ ചെലവാക്കുന്നുണ്ട്.

ശ്രീ. കെ. മുഹമ്മദലി: മൽസ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന പദ്ധതിയുടെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിൽ— കടുങ്ങല്ലൂർ പഞ്ചായത്തിൽ അഞ്ചു വർഷങ്ങൾക്കു മുമ്പ് സ്ഥലം അക്വയർ ചെയ്യാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും സ്ഥലം മാറിയിടുകയും ചെയ്തിട്ടുണ്ട്. നിർഭാഗ്യവശാൽ അവിടെ ഒരു ബോർഡ് മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. ആ സ്ഥലത്ത് ഈ പദ്ധതി ആരംഭിക്കുകയോ അതിനുവേണ്ടി നടപടി സ്വീകരിച്ചതായോ കാണുന്നില്ല. എത്രയും വേഗം ആ പദ്ധതി അവിടെ ആരംഭിക്കാനുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: ഉടനടി അതിനുവേണ്ടി ഏർപ്പാടുകൾ ചെയ്യുന്നതാണ്.

ശ്രീ. എ.കെ. ശശീന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി 'ബി' പോയ്ക്കത്തിന് മറുപടി പറഞ്ഞത് 15,000 ഹെക്ടർ സ്ഥലത്ത് ചെമ്മീൻ വളർത്തുന്ന പരിപാടിയാണ് മൽസ്യക്കൃഷി വികസന ത്തിന്റെ കീഴിലുള്ളതെന്നാണ്. ഉംനാടൻ മൽസ്യക്കൃഷി ഈ പദ്ധതി യിലുൾപ്പെടുകയില്ലേ? ചെമ്മീൻകൃഷി മാത്രമാണോ ഈ മൽസ്യ വികസന പരിപാടിയിലുള്ളത്? ആ കാര്യങ്ങളൊന്നും അദ്ദേഹം വിശദീകരിച്ചതായി കണ്ടില്ല. അതുകൊണ്ട് ഏതൊക്കെതരത്തിലുള്ള മൽസ്യവികസനമാണ് ഈ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്നതെന്ന് മനസ്സിലായി വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.എൻ. ജേക്കബ്: അതാണ് മത്സ്യക്കൃഷി നടത്തുമെന്നു പറഞ്ഞത്. പല തരത്തിലുള്ള മത്സ്യമുണ്ട്. ഓരോ മത്സ്യത്തിനേയും പേരു പറയാൻ സാദ്ധ്യമാകുമോ?

ശ്രീ. എ.കെ. ശശീന്ദ്രൻ: 15,000 ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷി നടത്തുന്ന കാര്യമാണ് മന്ത്രി ബോധ്യത്തിനുതരമായി പറഞ്ഞത്. അതുമാത്രമേയുള്ളോ? ആന്ധ്രാ മറ്റു മത്സ്യ കൃഷിയും നടത്തുന്നുണ്ടോ? അദ്ദേഹം പറഞ്ഞതിൽതന്നെ ഒരു വൈരുദ്ധ്യമുണ്ട്. ഈ മത്സ്യക്കൃഷി നടത്തുന്ന ഒരു ഹെക്ടർ സ്ഥലത്തുനിന്നും മറ്റു മത്സ്യവും കിട്ടുമെന്ന് അദ്ദേഹം പറഞ്ഞു. എങ്ങനെയാണ് ചെമ്മീൻകൃഷി നടത്തുന്ന സ്ഥലത്തു നിന്നും മറ്റു മത്സ്യം കിട്ടുന്നത്.

ശ്രീ. എ. എൻ. ജേക്കബ്: പ്രധാനമായിട്ട് ചെമ്മീൻകൃഷിയാണ് നമ്മൾ കൊല്ലങ്ങളായിട്ട് ചെയ്യുന്നതും. ഇനി ചെയ്യാനുദ്ദേശിക്കുന്നതും. കാരണം അതിനാണ് കൂടുതൽ എക്സ്പോർട്ട് സാദ്ധ്യതയുള്ളത്.

ഡോ. കെ. സി. ജോസഫ്: രണ്ടാം നെൽകൃഷിക്കുപകരം ചെമ്മീൻ കൃഷി ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. വ്യക്തിപരമായി ഈ കാര്യം അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ട്. 1982-83-ലെ ബഡ്ജറ്റിൽ രണ്ടാം കൃഷിക്കുപകരം മത്സ്യകൃഷി വ്യാപകമായി നടപ്പിലാക്കാൻവേണ്ടി ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആ പദ്ധതിയുടെ ഫോളോ അപ് എന്താണ് ഡിപ്പാർട്ടുമെന്റ് ചെയ്തിട്ടുള്ളത്? അതിനനുസരണമായി എന്തെങ്കിലും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ? തയ്യാറാക്കിയെങ്കിൽ ഏതു സ്ഥിതിയിലിരിക്കുന്നു? ഇല്ലെങ്കിൽ ഏറ്റവും വേഗം സ്കീം തയ്യാറാക്കുകയും, കൃഷിവകുപ്പും, മത്സ്യവകുപ്പും കൂടി യോജിച്ച് കൃഷിക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് ഈ പദ്ധതി ഏറ്റവും വേഗം നടപ്പിലാക്കുകയും ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ.എൻ. ജേക്കബ്: തീർച്ചയായിട്ടും ചെയ്യാം. അതാണ് എന്റെ ആഗ്രഹവും. അത് ഉടനെ നടപ്പിലാക്കുന്നതാണ്.

ശ്രീ. വി.കെ. രാജൻ: കൊടുങ്ങല്ലൂരിൽ അഴീക്കോട് എന്നു പറയുന്ന സ്ഥലത്ത് ഒരു ചെമ്മീൻ വളർത്തൽ കേന്ദ്രമുണ്ട്. കേരളത്തിൽ ആദ്യമായി ആരംഭിച്ച കേന്ദ്രമാണ്. അവിടെ ചെമ്മീൻ വളർത്താനാവശ്യമായ പുഴയും അനുബന്ധമായി കിടപ്പുണ്ട്. ഇതുപോലെ സ്ഥലവുമുണ്ട്. കൂടുതൽ വികസന സാദ്ധ്യതയോടുകൂടി ചെമ്മീൻ കൃഷി അഭിവൃദ്ധിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമ്പോൾ ആ സ്ഥലംകൂടി ഉൾപ്പെടുത്തുമോ?

ശ്രീ. എ.എൻ. ജേക്കബ്: തീർച്ചയായിട്ടും ഉൾപ്പെടുത്താം. ഇപ്പോഴത്തെ അവിടെ ചെമ്മീൻകൃഷിയുണ്ടല്ലോ.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: നമ്മുടെ രാജ്യത്ത് കൃഷിവകുപ്പുമന്ത്രിയായിരുന്ന ഇപ്പോഴത്തെ ഫിഷറീസ് വകുപ്പുമന്ത്രി കുട്ടനാട്ടിൽ രണ്ടാം കൃഷിക്കും, തൃശ്ശൂരിൽ കോൾകൃഷിക്കും സബ്സിഡി കൊടുക്കുന്നത് അനാവശ്യമാണെന്നു സൂചിപ്പിച്ചുകൊണ്ട് ഇവിടെ കുറുപടി പറഞ്ഞു. അത് ഈ ഗവൺമെന്റിന്റെ അഭിപ്രായമാണോ? കഴിഞ്ഞ അനവധി വർഷങ്ങളും വിശേഷിച്ചും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എം.പി

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറിലും മൽസ്യക്കൃഷി വികസനം എന്നു പറഞ്ഞ് കുറെ തുക നീക്കിവയ്ക്കുന്നതായി പ്രഖ്യാപിക്കാറുണ്ട്. ഇതിൽ ഒരു പൈസയെങ്കിലും മൽസ്യകൃഷിക്കുവേണ്ടി ഉപയോഗിച്ചിട്ടുള്ളതായി വ്യക്തമാക്കാമോ?

ശ്രീ. എ.എൽ. ജേക്കബ്: അനാവശ്യമാണെന്നു ഞാൻ പറഞ്ഞിട്ടില്ല. മൽസ്യക്കൃഷി ചെയ്താൽ വളരെ മെച്ചമുണ്ടാക്കാൻ സാധിക്കുമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. സ്വീതിഹാജി: ഇപ്പോൾ സാധാരണമൽസ്യത്തിന് ഒരു കിലോക്ക് 40, 45 രൂപവരെ വിലയുണ്ട്. പാവപ്പെട്ടവനോ സാധാരണക്കാരനോ ഇത് വാങ്ങിക്കഴിക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ അയില, മത്തി, ചാള മുതലായ മൽസ്യങ്ങൾകൂടി വളർത്തുന്നതിന് ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: മീൻ വളർത്തുന്നതിൽ അയില, മത്തി, ചാള ഇങ്ങനെ പലതുമുണ്ടാകും.

ശ്രീ. റ്റി.പി. പീതാംബരൻ മാസ്റ്റർ: നെൽപ്പാടങ്ങളിൽ രണ്ടാം കൃഷി എന്ന നിലക്ക് ചെമ്മീൻ വളർത്തൽ പരിപാടിയാണോ ഈ പദ്ധതിക്കകത്തുള്ളത്? അതല്ലെങ്കിൽ ഇപ്പോൾ നിലവിലുള്ള കായലുകളിൽ ബണ്ട് ചെയ്ത് മൽസ്യക്കൃഷി നടത്താൻ വല്ല ഉദ്ദേശവുമുണ്ടോ? കുമ്പളങ്ങിപ്പുഴയുടെ പടിഞ്ഞാറേ ഭാഗത്തുള്ള കല്ലഞ്ചേരി കായലിൽ ബണ്ട് ചെയ്ത് കൃഷി ചെയ്യാൻ ആലോചിക്കുന്നു എന്നു കേട്ടത് ശരിയാണോ? അതിനുവേണ്ടി അവിടത്തെ മൽസ്യത്തൊഴിലാളികളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ? അതിനെസംബന്ധിച്ച് ഗവൺമെൻറിന്റെ അഭിപ്രായം എന്താണ്?

ശ്രീ. എ.എൽ. ജേക്കബ്: അതിന് സർവ്വേ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: മൽസ്യം വളർത്തലിന്റെ ഭാഗമായിട്ട് മൽസ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ ഒരു പദ്ധതി നിലവിലുണ്ടെന്നേ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് മൽസ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാനാവശ്യമായ പിറ്റ്യൂറ്ററി ഗ്ലാൻറ് ഇല്ലാത്തതുമൂലം ഫിഷറീസ് ഡിപ്പാർട്ടുമെൻറ് കൽക്കട്ടയിൽനിന്നാണ് ഇത് വരുത്തുന്നത് എന്നറിയുന്നത് ശരിയാണോ? എങ്കിൽ ഇവിടെ ഈ ഗ്ലാൻറ് ഉണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: മൽസ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കണമെങ്കിൽ പിറ്റ്യൂറ്ററി ഗ്ലാൻറ് എന്നു പറഞ്ഞ് ഒരു ഗ്ലാൻറ് വേണം. ആ ഗ്ലാൻറ് ഇവിടെ ഇല്ലാത്തതുകൊണ്ട് കൽക്കട്ടയിലെ സഹകാര്യ ഏജൻസിയിൽനിന്നാണ് ഈ ഗ്ലാൻറ് കൊണ്ടുവരുന്നത് എന്നു പറയുന്നത് ശരിയാണോ? ആ ഗ്ലാൻറ് നമ്മുടെ സംസ്ഥാനത്തുണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എ.എൽ. ജേക്കബ്: ഇത് പ്രത്യേക ചോദ്യമാണ്. ഇതിന് പ്രത്യേകം നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. കേശവൻ: ഇവിടെ മറുപടി പറഞ്ഞപ്പോൾ മൽസ്യം വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്ന രണ്ടു ജില്ലകളെക്കുറിച്ച് പറഞ്ഞു. എറണാകുളവും കോട്ടയവും. കോട്ടയം ജില്ലയിൽ എവിടെയാണ് ഇത് ആരംഭിച്ചിട്ടുള്ളത്? എത്ര ഏക്കർ സ്ഥലത്ത് ആരാണ് ഇത് നടത്തുന്നതെന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. എ.എൽ. ജേക്കബ്: ആരാണ് നടത്തുന്നതെന്നു പറയാൻ സാദ്ധ്യമല്ല. കോട്ടയത്ത് ഇത് നടത്തുന്നുണ്ട്.

ശ്രീ. പി.പി. മുഹമ്മദ്: മൽസ്യത്തിന്റെ വില അനുദിനം ഉയർന്നുവരികയാണ്. ഈ പരിതഃസ്ഥിതി കണക്കിലെടുത്ത് പല കേന്ദ്രങ്ങളിലായി വളർത്തുന്ന മൽസ്യം മാവേലി സ്റ്റോറിലൂടെ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീ. എ.എൽ. ജേക്കബ്: അതൊരു നിർദ്ദേശമാണ്.

പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* 2 [2] ശ്രീ. എം. ജിനദേവൻ:

ശ്രീമതി പി. ദേവൂട്ടി:

ശ്രീ. ലോനപ്പൻ നമ്പാടൻ:

,, കെ.ഇ. ഇസ്മയിൽ:

,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ;

(എ) തിരഞ്ഞെടുപ്പുക്കപ്പെട്ട പഞ്ചായത്തുകളുടെ കാലാവധി കഴിഞ്ഞിട്ട് എത്രകാലമായി;

(ബി) നിലവിലുണ്ടായിരുന്ന പഞ്ചായത്ത് കമ്മിറ്റികൾ എന്നാണ് പിരിച്ചുവിട്ടത്;

(സി) ആറു മാസത്തിനകം പുതിയ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തുമെന്ന് കമ്മിറ്റി പിരിച്ചുവിടുന്ന അവസരത്തിൽ ഗവൺമെന്റ് പ്രസ്താവിച്ചിരുന്നുവോ;

(ഡി) സംസ്ഥാനത്ത് പഞ്ചായത്തു തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പഞ്ചായത്ത് തിരഞ്ഞെടുപ്പ് എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കാമോ;

(എഫ്) പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്താൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ജി) തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly